Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**09th November 2022**

## തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 76.7 ശതമാനം പേർ വോട്ടു രേഖപ്പെടുത്തി

സംസ്ഥാനത്തെ 29 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഇന്ന് (09.11.2022) നടന്ന ഉപതിരഞ്ഞെടുപ്പിൽ 76.78 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. പതിനൊന്ന് ജില്ലകളിലായി (കോട്ടയം, കണ്ണൂർ, കാസർഗോഡ് ഒഴികെ)ഒരു ജില്ലാ പഞ്ചായത്ത്, അഞ്ച് ബ്ലോക്ക് പഞ്ചായത്ത്, മൂന്ന് മുനിസിപ്പാലിറ്റി, ഇരുപത് ഗ്രാമപഞ്ചായത്ത് വാർഡുകളിലേയ്ക്കായിരുന്നു ഉപതിരഞ്ഞെടുപ്പ്.

29 വാർഡുകളിലായി 102 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. ആകെ 1,39,025 വോട്ടർമാരുണ്ടായിരുന്നു. തിരഞ്ഞെടുപ്പ് സമാധാനപരമായിരുന്നു. രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയായിരുന്നു വോട്ടെടുപ്പ്.

വോട്ടെണ്ണൽ നാളെ (10.11.2022) രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഫലം കമ്മീഷന്റെ www.lsgelection.kerala.gov.in സൈറ്റിലെ TREND -ൽ അപ്പോൾ തന്നെ ലഭിക്കും.

പോളിംഗ് ശതമാനം വാർഡുതലത്തിൽ;

തിരുവനന്തപുരം - പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ മഞ്ഞപ്പാറ-76.41, കരുംകുളം ഗ്രാമ പഞ്ചായത്തിലെ ചെക്കിട്ടവിളാകം- 70.67.

കൊല്ലം - പേരയം ഗ്രാമപഞ്ചായത്തിലെ പേരയം ബി-78.95, പൂതക്കുളം ഗ്രാമ പഞ്ചായത്തിലെ കോട്ടുവൻകോണം- 78.72.

പത്തനംതിട്ട - പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ പുളിക്കീഴ്-49.47, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ കൊമ്പങ്കേരി- 57.71.

ആലപ്പുഴ - ഏഴുപുന്ന ഗ്രാമപഞ്ചായത്തിലെ വാത്തറ-75.58, പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ വൻമഴി വെസ്റ്റ്-77.90, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി-81.96, മുതുകുളം ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ-73.18, പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര- 76.50.

ഇടുക്കി - ഇളംദേശം ബ്ലോക്ക് പഞ്ചായത്തിലെ വണ്ണപ്പുറം-62.78, ശാന്തൻപാറ ഗ്രാമപഞ്ചായത്തിലെ തൊട്ടിക്കാനം-72.23, ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പൊന്നെടുത്താൽ- 75.52, കരുണാപുരം ഗ്രാമ പഞ്ചായത്തിലെ കുഴിക്കണ്ടം- 76.38.

എറണാകുളം - വടക്കൻ പറവൂർ മുനിസിപ്പൽ കൗൺസിലിലെ വാണിയക്കാട്-88.48, വടവുകോട് ബ്ലോക്ക് പഞ്ചായത്തിലെ പട്ടിമറ്റം-76.75, പൂത്രുക്ക ഗ്രാമപഞ്ചായത്തിലെ കുറിഞ്ഞി-77.17, കീരംപാറ ഗ്രാമപഞ്ചായത്തിലെ മുട്ടത്തുക്കണ്ടം-78.28.

തൃശ്ശൂർ - വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലിലെ മിണാലൂർ സെൻറർ- 79.81, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പൈങ്കുളം- 68.75.

| | | |
|---|---|---|
| പാലക്കാട് | - | കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ പാലത്തറ-81.11, പുതൂർ ഗ്രാമപഞ്ചായത്തിലെ കോളപ്പടി-94.10. |
| മലപ്പുറം | - | മലപ്പുറം മുനിസിപ്പൽ കൗൺസിലിലെ കൈനോട്- 88.46, |
| കോഴിക്കോട് | - | മേലടി ബ്ലോക്ക് പഞ്ചായത്തിലെ കീഴരിയൂർ-80.25 തുറയൂർ ഗ്രാമപഞ്ചായത്തിലെ പയ്യോളി അങ്ങാടി-80.92, മണിയൂർ ഗ്രാമപഞ്ചായത്തിലെ മണിയൂർ നോർത്ത്- 82.59, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ എളേറ്റിൽ- 82.47. |
| വയനാട് | - | കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചിത്രമൂല-83.62 |

*(എസ്.ഇ.സി.40/2022)*